**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 519** **30-01-2024 - ൽ മറുപടിയ്ക്ക്**

**സർക്കാരിൽ നിന്നും ഗ്രാന്റ് കൈപ്പറ്റുന്ന സ്ഥാപനങ്ങളിലെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി സർക്കാരിൽ നിന്നും ഗ്രാന്റ് കൈപ്പറ്റുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിന് ധനകാര്യ പരിശോധന വിഭാഗത്തെ അധികാരപ്പെടുത്തി പുറപ്പെടുവിച്ചിട്ടുള്ള 20/12/2021 തീയതിയിലെ സ.ഉ.(അച്ചടി) നം. 173/2021/ധന നമ്പർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്ക് നിയമ സാധുത നല്കുന്നതിനായി കേരള ഫിനാൻഷ്യൽ കോഡിൽ ബന്ധപ്പെട്ട പ്രൊവിഷനിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന് നിയമ സാധുത ഉള്ളതാണ്. 20.12.2021 -ലെ സ.ഉ (അച്ചടി) നം.173/2021/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി കേരള ഫിനാൻഷ്യൽ കോഡിൽ ഭേദഗതി വരുത്തും എന്നും പ്രസ്തുത ഉത്തരവിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരമുള്ള ഭേദഗതി കേരള ഫിനാൻഷ്യൽ കോഡിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിയ്ക്കുന്നു. |
| (സി) | പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്ക് നിയമ സാധുത നല്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന് നിയമ സാധുത ഉള്ളതാണ്. 20.12.2021 -ലെ സ.ഉ (അച്ചടി) നം.173/2021/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി കേരള ഫിനാൻഷ്യൽ കോഡിൽ ഭേദഗതി വരുത്തും എന്നും പ്രസ്തുത ഉത്തരവിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരമുള്ള ഭേദഗതി കേരള ഫിനാൻഷ്യൽ കോഡിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ